**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3938**

**16.05.2017 - ൽ**
**മറുപടിക്ക്**

**നീര വെൻഡിംഗ് മെഷീൻ**

**ചോദ്യം**
**ശ്രീ.സി.മമ്മൂട്ടി**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** സംസ്ഥാനത്ത് നീര ഫ്രീസറിലാക്കി വിൽക്കുന്ന നീര വെൻഡിംഗ് മെഷീൻ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; അവയുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

**എ)** കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ രണ്ട് നീര വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലും കടപ്പനക്കുന്ന് കൃഷിഭവനിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ നാളികേര വികസന ബോർഡ് സ്ഥാപിച്ചിട്ടുള്ള 67 നീര വെൻഡിംഗ് മെഷീനുകളും നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| കണ്ണൂർ | 4 |
| വയനാട് | 1 |
| കോഴിക്കോട് | 5 |
| മലപ്പുറം | 2 |
| പാലക്കാട് | 30 |
| തൃശ്ശൂർ | 5 |
| എറണാകുളം | 5 |
| കോട്ടയം | 1 |
| ആലപ്പുഴ | 2 |
| പത്തനംതിട്ട | 1 |
| കൊല്ലം | 4 |
| തിരുവനന്തപുരം | 7 |

**ബി)** സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഓഫീസുകളിലും സ്കൂളുകളിലും റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ എന്നിവിടങ്ങളിലുമെല്ലാം വെൻഡിംഗ് മെഷീനുകൾ വ്യാപകമായി സ്ഥാപിച്ച് നീരയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുമോ ?

**ബി)** നാളികേര ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും നീരയുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് കിയോസ്ക്/വില്പന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി നാളികേര വികസന ബോർഡ് ധനസഹായം നല്കിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**